ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജാൻ): കണ്ടക്കടവു ഡിസ്പെൻസറിയിൽ ശരാശരി ഉനു ഠ°ഫ രോഗികളെ ചികിത്സിക്കുന്നുണ്ട്. ചെറായിയിൽ ഡിസ്പെൻസറി ഇല്ല. അയ്യമ്പിള്ളി ഡിസ്പെൻസറിയാണുദ്ദേശിക്കുന്നതെങ്കിൽ അവിടെ ശരാശരി ഫനുന്യ°ഫൻ രോഗികളെ ചികിത്സിക്കുന്നുണ്ട്.

ടെക്സ്റ്റ് ബുക്കുകൾ

*ഫ ഠനു. (വ്യനു) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ഐക്യസംസ്ഥാനത്തിലെ സ്കൂൾഫൈനൽ ഇംഗ്ലീഷ് ടെക്സ്റ്റ് കൊച്ചിക്കും തിരുവിതാംകൂറിനും പ്രത്യേകം രണ്ടുതരത്തിൽ തെരഞ്ഞെടുക്കേണ്ടിവന്ന സാഹചര്യം വിശദമാക്കുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): കൊച്ചിക്കും തിരുവിതാംകൂറിനുമായി സ്കൂൾഫൈനൽ ക്ലാസിലേക്ക് ഇംഗ്ലീഷ് ടെക്സ്റ്റായിഅംഗീകരിച്ച ഒരു പുസ്തകം "Senior Readings in English" (Prose and Poetry) കഴിഞ്ഞ കൊല്ലത്തിൽ കൊച്ചി പ്രദേശത്ത് അഞ്ചാംഫാറത്തിൽ പാഠപുസ്തകമായിരുന്ന എന്നു പിന്നീടറിയാൻ ഇടയായതുകൊണ്ട് അതു തിരുവിതാംകൂറിലേയ്ക്കു മാത്രമായി നിർദ്ദേശിക്കപ്പെടുകയും, കൊച്ചിയിലേയ്ക്ക് "Prose and verse for High schools, Book III" എന്ന പുസ്തകം അംഗീകരിക്കയും ചെയ്തു.

വയോജനവിദ്യാഭ്യാസപദ്ധതി

*ഫ ഠ ര. (വ്യ ര) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വയോജനവിദ്യാഭ്യാസപദ്ധതിപ്രകാരം ഏതെല്ലാം ഗ്രാമങ്ങളിൽ ക്ലാസുകൾ തുടങ്ങീട്ടുണ്ട്;

(ബി) ലൈബ്രറി അസോസ്യേഷൻകാരുടെ ഗ്രാൻറിൽനിന്നും നടത്തുന്ന ക്ലാസുകൾക്ക് എന്തു ചിലവു വന്നിട്ടുണ്ട്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പദ്ധതിപ്രകാരം ഒരു സ്ഥലത്തും ക്ലാസ് തുടങ്ങീട്ടില്ല. ഒരു സെൻറർ തുറക്കുന്നതിനു അനുവാദം നൽകീട്ടുണ്ട്. എന്നാൽ വയോജനവിദ്യാഭ്യാസത്തെ പുരസ്കരിച്ചു പല സ്ഥലങ്ങളിലും നിശാപാഠശാലകൾ നടത്തുന്നുണ്ട്.

(ബി) ലൈബ്രറി അസോസിയേഷനു അനുവദിച്ചിട്ടുള്ള ഗ്രാൻറിൽനിന്നും ഇതിലേക്കു യാതൊന്നും ചിലവാക്കുന്നില്ല.

പുതിയ പ്രൈമറി സ്കൂളുകൾ

*ഫ ഠ ഭ. (വ്യ ഭ) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ഈ സ്കൂൾ വർഷത്തിൽ എത്ര പ്രൈമറി സ്കൂളുകൾക്ക് പുതുതായി അനുവാദം നൽകിയിട്ടുണ്ട്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): വ്യ.

LIBRARY ARCHIVES Kerala Legislative Assembly